**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3806** **09-10-2025 - ൽ മറുപടിയ്ക്ക്**

**കാലിക്കറ്റ് സർവകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിലെ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാലിക്കറ്റ് സർവകലാശാലയിലും അനുബന്ധ സ്ഥാപനങ്ങളിലും 2024 ജനുവരി 1 മുതൽ ഡിസംബർ 31 വരെ അസിസ്റ്റന്റ് തസ്തികയിൽ വന്ന ഒഴിവുകളുടെ എണ്ണം എത്രയാണ്; കാലിക്കറ്റ് സർവകലാശാലയിലും അനുബന്ധ സ്ഥാപനങ്ങളിലും 2025 ജനുവരി 1 മുതൽ ഡിസംബർ 31 വരെ അസിസ്റ്റന്റ് തസ്തികയിൽ വരുന്ന ഒഴിവുകളുടെ എണ്ണം മാസം തിരിച്ച് ലഭ്യമാക്കാമോ ;ഇവയിൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളുടെ എണ്ണം , റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുണ്ടെങ്കിൽ അവയുടെ എണ്ണം , റിപ്പോർട്ട് ചെയ്യാത്തതിന്റെ കാരണം എന്നിവ വ്യക്തമാക്കാമോ; | (എ) | കാലിക്കറ്റ് സർവകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിൽ 2024 ജനുവരി 1 മുതൽ 2024 ഡിസംബർ 31 വരെ ആകെ 41 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. ഇതിൽ 37 ഒഴിവുകൾ പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും, 4 ഒഴിവുകൾ ശൂന്യവേതനാവധി, ഡെപ്യൂട്ടേഷൻ എന്നിവയിലായിരുന്ന അസിസ്റ്റന്റ്മാർ തിരികെ ജോലിയിൽ പ്രവേശിച്ചതുമായും, വിട്ടുതൽ നേടിയ അസിസ്റ്റന്റിന് പുനർനിയമനം നൽകിയതുമായും ക്രമീകരിച്ചിട്ടുള്ളതാണ്.<br><br>സർവകലാശാലയിൽ 2025 ജനുവരി 1 മുതൽ 2025 ഡിസംബർ 31 വരെ അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടായതും, ഉണ്ടാകുന്നതുമായ ഒഴിവുകളുടെ എണ്ണം മാസം തിരിച്ച് താഴെ കൊടുത്തിരിക്കുന്നു :<br><br>ജനുവരി-4, ഫെബ്രുവരി-4, മാർച്ച്-3, ഏപ്രിൽ-3, മെയ്-7, ജൂൺ-16, ജൂലൈ-2, ആഗസ്റ്റ്-0, സെപ്റ്റംബർ-6, ഒക്ടോബർ-0, നവംബർ-1, ഡിസംബർ-1. ഇതിൽ 9 ഒഴിവുകൾ പി.എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ-38. റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളിൽ 4 ഒഴിവുകൾ ഡെപ്യൂട്ടേഷൻ/ ശൂന്യവേതനാവധിയിലായിരുന്ന അസിസ്റ്റന്റ്മാർ ജോലിയിൽ തിരികെ പ്രവേശിച്ചതുമായി ക്രമീകരിച്ചിട്ടുള്ളതാണ്. ജീവനക്കാരുടെ ഡെപ്യൂട്ടേഷൻ/വിട്ടുതൽ മൂലം 2025 സെപ്റ്റംബർ മാസത്തിൽ ഉണ്ടായിട്ടുള്ള 6 ഒഴിവുകൾ പി.എസ്.സി. യിലേക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ബാക്കിയുള്ള 28 വിരമിക്കൽ ഒഴിവുകൾ പി.എസ്.സി.യിലേക്ക് റിപ്പോർട്ട് ചെയ്യാൻ സാധിച്ചിട്ടില്ല. കാലിക്കറ്റ് സർവകലാശാലയിലെ കുറഞ്ഞ ശമ്പളക്കാരായ ജീവനക്കാർക്ക് അസിസ്റ്റന്റ് തസ്തികയിലെ 4% ഒഴിവുകളിലേക്ക് തസ്തികമാറ്റം |

| | | | |
|---|---|---|---|
| | | | വഴിയുള്ള നിയമനം അനുവദിക്കുന്നതിന് സർവകലാശാലാ സിൻഡിക്കേറ്റ് തീരുമാനമെടുക്കുകയും, ഇത് സംബന്ധിച്ചുള്ള വിശദപഠനത്തിനായി ഒരു ഉപസമിതി രൂപീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത ഉപസമിതിയുടെ റിപ്പോർട്ടിൻമേൽ സിൻഡിക്കേറ്റ് തീരുമാനമെടുക്കുന്ന മുറയ്ക്ക് മാത്രമേ തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി മാറ്റിവെക്കേണ്ട ഒഴിവുകളുടെ എണ്ണം സംബന്ധിച്ച് വ്യക്തത ലഭിക്കുകയുള്ളൂ. ഇത് സംബന്ധിച്ചുള്ള സിൻഡിക്കേറ്റ് തീരുമാനം ലഭ്യമായിട്ടില്ലാത്തതിനാലാണ് വിരമിക്കൽ മൂലമുണ്ടായിട്ടുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ സാധിക്കാത്തത്. |
| (ബി) | 2025 ജനുവരി 1 മുതൽ ഡിസംബർ 31 വരെ കാലിക്കറ്റ് സർവകലാശാലയിലും അനുബന്ധ സ്ഥാപനങ്ങളിലും അസിസ്റ്റന്റ് തസ്തികയിലേക്ക് ബൈട്രാൻസ്ഫർ, കാറ്റഗറി ചേഞ്ച് എന്നീ വിഭാഗങ്ങളിൽ നിന്നും മാറ്റിവെക്കപ്പെട്ടിട്ടുള്ള ഒഴിവുകളുടെ എണ്ണം വ്യക്തമാക്കാമോ; | (ബി) | നിലവിൽ അസിസ്റ്റന്റ് തസ്തികയിലേക്ക് ബൈട്രാൻസ്ഫർ, കാറ്റഗറി ചേഞ്ച് എന്നീ രീതിയിലുള്ള നിയമനങ്ങൾക്കായി നിശ്ചിത എണ്ണം ഒഴിവുകൾ മാറ്റിവെച്ചിട്ടില്ല. |
| (സി) | 2026 ജനുവരി 1 മുതൽ ഡിസംബർ 31 വരെ കാലിക്കറ്റ് സർവകലാശാലയിലും അനുബന്ധ സ്ഥാപനങ്ങളിലും അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകൾ മാസം തിരിച്ച് ലഭ്യമാക്കാമോ; ഇവയിൽ ബൈ ട്രാൻസ്ഫർ, കാറ്റഗറി ചേഞ്ച് എന്നിവയ്ക്കായി മാറ്റിവെക്കപ്പെടുന്ന ഒഴിവുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | 2026 ജനുവരി 1 മുതൽ ഡിസംബർ 31 വരെ കാലിക്കറ്റ് സർവകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിൽ ഉണ്ടാകുന്ന ഒഴിവുകളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്നു.<br><br>ജനുവരി-0, ഫെബ്രുവരി-1, മാർച്ച്-0, ഏപ്രിൽ-2, മെയ്-5, ജൂൺ-11, ജൂലൈ-0, ആഗസ്റ്റ്-0, സെപ്റ്റംബർ-0, ഒക്ടോബർ-0, നവംബർ-0, ഡിസംബർ-2.<br><br>ഇവയിൽ ബൈ ട്രാൻസ്ഫർ, കാറ്റഗറി ചേഞ്ച് എന്നിവയ്ക്കായി നിലവിൽ ഒഴിവുകളൊന്നും മാറ്റി വെച്ചിട്ടില്ല. |
| (ഡി) | കാലിക്കറ്റ് സർവകലാശാലയിലും അനുബന്ധ സ്ഥാപനങ്ങളിലും താഴ്ന്ന തസ്തികകളിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് അനുവദിച്ചിട്ടുള്ള ബൈട്രാൻസ്ഫർ നിയമനങ്ങളുടെ നിലവിലെ ശതമാനം എത്രയാണെന്ന് വ്യക്തമാക്കുമോ; ആയതിൽ മാറ്റം വരുത്താനുള്ള നടപടി സർവകലാശാല സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എപ്രകാരം പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദീകരിക്കാമോ? | (ഡി) | കാലിക്കറ്റ് സർവകലാശാലയിൽ താഴ്ന്ന തസ്തികകളിൽ നിന്നും അസിസ്റ്റന്റ് തസ്തികയിലേക്ക് നിലവിൽ ബൈട്രാൻസ്ഫർ നിയമനങ്ങൾ അനുവദിച്ച് വരുന്നില്ല. സർവകലാശാലയിലെ കുറഞ്ഞ ശമ്പളക്കാരായ ജീവനക്കാർക്ക് അസിസ്റ്റന്റ് തസ്തികയുടെ 4% ലേക്ക് ബൈട്രാൻസ്ഫർ നിയമനം നൽകുന്നതിന് സർവകലാശാലാ സിൻഡിക്കേറ്റ് തീരുമാനമെടുത്തിട്ടുള്ളതും, പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള വിശദമായ പഠനത്തിനായി ഒരു ഉപസമിതി രൂപീകരിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ഉപസമിതിയുടെ റിപ്പോർട്ടിൻമേൽ സിൻഡിക്കേറ്റ് തീരുമാനമെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ